compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഒക്ടോബർ 14
Tuesday, 14th October 2025

1201 കന്നി 28
28th Kanni 1201

1947 ആശ്വിനം 22
22nd Aswina 1947

വാല്യം 14
Vol. XIV

നമ്പർ **41**
No.

Part III

Revenue Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KOLLAM DISTRICT

പുനലൂർ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ : സുരേഷ് ബാബു, ജി.)

നമ്പർ RDOPLR/1690/2025-F. 2025 ഒക്ടോബർ 6.

വിഷയം:—പുനലൂർ സബ് ഡിവിഷൻ—കൊട്ടാരക്കര താലൂക്ക്—വാളകം വില്ലേജ്—ന്യായവില രജിസ്റ്ററിൽ വന്നിട്ടില്ലാത്ത സർവ്വേ നമ്പരുകളിൽപ്പെട്ട വസ്തുക്കളുടെ ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ എന്നിവ നിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ശ്രീ. സുഭഗ് സുന്ദർ & ജയശ്രീ, പൊൻപുഴ വീട്, മേക്കൊഴൂർ മുറി, മൈലപ്ര വില്ലേജ്, കോഴഞ്ചേരി എന്നിവർ സമർപ്പിച്ച അപേക്ഷ.

(2) കൊട്ടാരക്കര തഹശീൽദാരുടെ 20-6-2025, 24-9-2025 തീയതികളിലെ TLKKTR/4474/2024-P1 നമ്പർ റിപ്പോർട്ട്.

(3) വാളകം വില്ലേജ് ഓഫീസറുടെ 25-9-2023 തീയതിയിലെ 220/2023 നമ്പർ റിപ്പോർട്ട്.

(4) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28A ചട്ടം 5(4).

(5) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ാം തീയതിയിലെ LA3-54647-ാം നമ്പർ പരിപത്രം.

(6) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി.ഡി.

(7) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/റ്റി.ഡി. (S. R. O. No. 186/2018).

(8) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/റ്റി.ഡി. (S. R. O. No. 311/2019).

(9) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/റ്റി.ഡി. (S. R. O. No. 266/2020).

(10) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി.ഡി. (S. R. O. No. 305/2022).

(11) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി.ഡി. (S. R. O. No. 420/2023).

കൊട്ടാരക്കര താലൂക്കിൽ വാളകം വില്ലേജിൽ ബ്ലോക്ക് നമ്പർ 25-ൽ, റീ സർവ്വേ നമ്പർ 74/2, 74/3, 74/4 എന്നിവയിൽപ്പെട്ട വസ്തുക്കളുടെ ഫെയർവാല്യൂ പുനർ നിർണ്ണയിക്കുന്നതിന് ശ്രീ. സുഭഗ് സുന്ദർ, ടിയാൻ ഭാര്യ ജയശ്രീ എന്നിവർ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിൻമേൽ ആവശ്യമായ പരിശോധന നടത്തി കൊട്ടാരക്കര തഹസിൽദാർ, വാളകം വില്ലേജ് ഓഫീസർ എന്നിവർ യഥാക്രമം സൂചന (2), (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിലെ 483/2011 നമ്പർ വിലയാധാര പ്രകാരം ടി വില്ലേജിൽ ടി ബ്ലോക്കിൽ റീ സർവ്വേ നമ്പർ a. 74/2-ൽപ്പെട്ട 1.3580 ഹെക്ടർ പുരയിടം ഇനത്തിലുള്ള വസ്തുവിന് ശ്രീമതി ജയശ്രീ പേരിൽ അവകാശം ലഭിച്ചിട്ടുള്ളതും 9423 നമ്പർ തണ്ടപ്പേരിൽ കരം ഒടുക്കി വരുന്നതുമാണ്. ടി സബ് രജിസ്ട്രാർ ഓഫീസിലെ b. 474/2011, c. 473/2011 നമ്പർ വിലയാധാരങ്ങൾ പ്രകാരം വാളകം വില്ലേജിൽ ബ്ലോക്ക് 25-ൽ യഥാക്രമം റീ സർവ്വേ നമ്പർ b. 74/3-ൽ 1.3960 ഹെക്ടർ, c. 74/4-ൽ 1.5680 ഹെക്ടർ എന്നിവയിൽപ്പെട്ട പുരയിടം ഇനത്തിൽപ്പെട്ട വസ്തുക്കൾ സൂചന (1) അപേക്ഷകനായ ശ്രീ. സുഭഗ് സുന്ദർ പേരിൽ അവകാശം ലഭിച്ചിട്ടുള്ളതും 9424 നമ്പർ തണ്ടപ്പേരിൽ കരം ഒടുക്കി വരുന്നതുമാണ്. അപ്രകാരം ശ്രീ. സുഭഗ്, ജയശ്രീ എന്നിവർ പേരിൽ മേൽ റീ സർവ്വേ നമ്പരുകളിൽപ്പെട്ട വസ്തുക്കൾക്ക് അവകാശം ലഭിച്ചിട്ടുള്ളതും ടി വസ്തുക്കൾക്ക് നാളത് ന്യായവിലയും ക്ലാസ്സിഫിക്കേഷനും നിശ്ചയിച്ചു നൽകുന്നതിനാണ് സൂചന പ്രകാരം അപേക്ഷ നൽകിയിട്ടുള്ളതെന്ന് കാണുന്നു. ബി. ടി. ആർ. പ്രകാരം ടി വസ്തുക്കൾ എല്ലാം പുരയിടമായി വന്നിട്ടുള്ളതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അപേക്ഷ വസ്തുക്കൾ ഉൾപ്പെട്ട വാളകം വില്ലേജിലെ ബ്ലോക്ക് 25-ൽപ്പെട്ട 74 എന്നീ റീ സർവ്വേ നമ്പരിനു 2010-ലെ ഫെയർവാല്യൂ രജിസ്റ്റർ പ്രകാരം ന്യായവില/ഫെയർവാല്യൂ നിർണ്ണയിച്ചു നൽകിയിട്ടില്ലാത്തതായി കാണുന്നു. ടി വസ്തുക്കൾ എം.സി റോഡിനു ചേർന്ന് ഒരുമിച്ചു ചേർന്ന് കിടക്കുന്നതും ആകെ 4.322 ഹെക്ടർ വിസ്തീർണ്ണത്തിൽ വന്നിട്ടുള്ളതാണ് എന്നും നാളത് ടി സ്ഥലത്ത് റബ്ബർ, കൈതച്ചക്ക എന്നിവ കൃഷി ചെയ്തു വരുന്നതായും ഒരു പഴയ കെട്ടിടം നിൽക്കുന്നതായും മഹസർ പ്രകാരം കാണുന്നു. റീ സർവ്വേ 74/2, 74/3, 74/4 എന്നിവയിൽപ്പെട്ട വസ്തുക്കൾ എം. സി റോഡിനു കിഴക്കായി വരുന്നതും കിഴക്ക് പടിഞ്ഞാറായി കിടക്കുന്നതുമായ ടി വസ്തുക്കൾക്ക് വടക്ക്-തെക്ക് വശങ്ങളിൽ ഏകദേശം 200 മീറ്റർ വരെ നീളമുള്ളതും ടി വസ്തുക്കളുടെ കുറച്ചു ഭാഗം മാത്രം ടി റോഡിനു ചേർന്ന് വരുന്നതുമാണ് എന്ന് കാണുന്നു.

ടി വില്ലേജിൽ ടി ബ്ലോക്കിൽ റീ സർവ്വേ നമ്പർ 114/10, 114/11 എന്നിവയിൽപ്പെട്ടതുമായ വസ്തുക്കൾക്ക് കൊല്ലം റവന്യൂ ഡിവിഷണൽ ഓഫീസർ 3-1-2014 തീയതിയിലെ F/10264/06 നമ്പർ ഉത്തരവു പ്രകാരം 2010-ലെ ന്യായവില ഒരു ആർ ന് ₹ 2,40,000-ഉം Residential Plot with Private Road Access എന്ന ക്ലാസ്സിഫിക്കേഷനും നിർണ്ണയിച്ചു നൽകിയിട്ടുള്ളതാണ്.

2010-ലെ ന്യായവില രജിസ്റ്റർ പ്രകാരം അപേക്ഷ വസ്തുക്കൾക്ക് ചേർന്നുള്ള റീ സർവ്വേ നമ്പർ 73-ന് ₹5,250 (നിലവിൽ ₹13,860), 80/1-4, 80/6-9, 81/1-9, 81/11-28 എന്നിവയ്ക്ക് ₹8,400 (നിലവിൽ ₹22,176), 80/10, 80/15-17 എന്നിവയ്ക്ക് ₹20,000 (നിലവിൽ ₹52,800), 75/3, 4 എന്നിവയ്ക്ക് ₹10,000 (നിലവിൽ ₹26,400) ന്യായവില വന്നിട്ടുള്ളതാണ്. ടി വസ്തുക്കളുടെ ഫെയർ വാല്യൂ വളരെ കുറവായി കാണുന്നതിനാൽ ടി അപേക്ഷ വസ്തുക്കളിൽ നിന്നും ഏകദേശം ഒരു കിലോമീറ്റർ തെക്ക് മാറി വാളകം ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്നതും എം. സി. റോഡ് പ്രാധാന്യത്തിലുള്ളതുമായ പുരയിടമായ റീ സർവ്വേ നമ്പർ 114/10, 114/11 എന്നിവയിൽപ്പെട്ട വസ്തുക്കൾ സമവും സമാനവുമായ അടിസ്ഥാന വസ്തുവായി പരിഗണിക്കാമെന്നും അപേക്ഷ വസ്തുക്കളുടെ കുറച്ചു ഭാഗം എം. സി. റോഡിനു ചേർന്നു വന്നിട്ടുള്ളതും ടി വസ്തുക്കൾക്ക് സാമാന്യം വിസ്തീർണ്ണവും വന്നിട്ടുള്ളതിനാൽ റീ സർവ്വേ നമ്പർ 114/10, 11 എന്നിവയുടെ 2010-ലെ ന്യായവിലയുടെ 50 ശതമാനമായ ₹1,20,000 പ്രകാരം ന്യായവിലയും Residential Plot with NH/PWD Road Access എന്ന ക്ലാസ്സിഫിക്കേഷനും അനുവദിച്ച് നൽകാമെന്നു സൂചന (2) പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു. അപേക്ഷ വസ്തുക്കൾക്ക് ന്യായവില ഒരു ആർ ന് ₹1,20,000-ഉം Residential Plot with PWD Road Access എന്ന ക്ലാസ്സിഫിക്കേഷനും അനുവദിച്ചു പുനർ നിർണ്ണയിച്ചു നൽകാവുന്നതാണ് എന്ന് കാണുന്നു.

സൂചന (5) നിർദ്ദേശത്തിന്റെയും കൊട്ടാരക്കര തഹസിൽദാരുടെയും വാളകം വില്ലേജ് ഓഫീസറുടെയും സൂചന (2), (3) ശുപാർശകളുടെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ അപേക്ഷ വസ്തുക്കൾക്ക് ശരിയായ ക്ലാസ്സിഫിക്കേഷനും അതിന് അനുസൃതമായ ന്യായവിലയും ചേർത്ത് വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്നു ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

6-3-2010 വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത വാളകം വില്ലേജിലെ ബ്ലോക്ക് നമ്പർ 25-ൽ, റീ സർവ്വേ നമ്പർ 74/2, 74/3, 74/4 എന്നിവയിൽപ്പെട്ട വസ്തുക്കൾക്ക് ന്യായവില/ഫെയർവാല്യൂ, ക്ലാസ്സിഫിക്കേഷൻ എന്നിവ അനുവദിച്ചു ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും വിലാസവും	താലൂക്ക്	വില്ലേജ് & ബ്ലോക്ക് നമ്പർ	റീ സർവ്വേ നമ്പർ	6-3-2010-ലെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും	പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസ്സിഫിക്കേഷൻ	പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില (ഒരു ആർ-ന്)
ശ്രീ. സുഭഗ് സുന്ദർ & ജയശ്രീ, പൊൻപുഴ വീട്, മേക്കൊഴൂർ മുറി, മൈലപ്ര വില്ലേജ്, കോഴഞ്ചേരി.	കൊട്ടാരക്കര	വാളകം 25	a. 74/2 b. 74/3 c. 74/4	a. b. & c. ന്യായവില നിശ്ചയിച്ചിട്ടില്ല	a. b. & c. Residential Plot with PWD Road Access	a. b. & c. ₹1,20,000

പുനർനിർണ്ണയിച്ച ന്യായവില സൂചന (6) മുതൽ (11) വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
പുനലൂർ.

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KOLLAM DISTRICT

പുനലൂർ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ : സുരേഷ് ബാബു, ജി.)

നമ്പർ RDOPLR/2482/2025-F. 2025 ഒക്ടോബർ 6.

വിഷയം:—വിളക്കുടി വില്ലേജ്-2010-ലെ ന്യായവില രജിസ്റ്ററിൽ 'സർക്കാർ' എന്ന് രേഖപ്പെടുത്തിയ ഭൂമിയുടെ ന്യായവില/ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ എന്നിവ പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) ശ്രീമതി വത്സല കുമാരി ശ്രീ കൃഷ്ണ വിലാസം (ദൈവ ഭവൻ), മഞ്ഞമൺകാല, പുനലൂർ പി. ഒ. എന്നവർ സമർപ്പിച്ച അപേക്ഷ.

(2) പത്തനാപുരം തഹസിൽദാരുടെ 22-9-2025 തീയതിയിലെ TLKPTM/2757/2025-B6 നമ്പർ റിപ്പോർട്ട്.

(3) വിളക്കുടി വില്ലേജ് ഓഫീസറുടെ 27-8-2025 തീയതിയിലെ 237/2025 നമ്പർ റിപ്പോർട്ട്.

(4) കേരള മുദ്രപത്ര നിയമം 1959 വകുപ്പ് 28A.

(5) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ാം തീയതിയിലെ LA3-54647-ാം നമ്പർ പരിപത്രം.

(6) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി. ഡി.

(7) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/റ്റി. ഡി. (S.R.O. No.186/2018).

(8) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/റ്റി. ഡി. (S.R.O. No. 311/2019).

(9) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/റ്റി. ഡി. (S.R.O. No. 266/2020).

(10) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി. ഡി. (S.R.O. No. 305/2022).

(11) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി. ഡി. (S.R.O. No. 420/2023).

പുനലൂർ സബ് ഡിവിഷനിൽ, പത്തനാപുരം താലൂക്കിൽ, വിളക്കുടി വില്ലേജിൽ സർവേ നമ്പർ 268/1-169-6-ൽപ്പെട്ട സ്ഥലത്തിന്റെ ന്യായവില നിർണ്ണയിച്ചതിലെ അപാകത പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി വത്സലകുമാരി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന്, പത്തനാപുരം തഹസിൽദാർ, വിളക്കുടി വില്ലേജ് ഓഫീസർ എന്നിവർ പരാമർശം (2), (3) പ്രകാരം റിപ്പോർട്ടുകളും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടുണ്ട്.

പുനലൂർ സബ് രജിസ്ട്രാർ ഓഫീസിലെ 6251/2004 നമ്പർ വിലയാധാര പ്രകാരം വിളക്കുടി വില്ലേജിൽ സർവ്വേ നമ്പർ 268/1-169-ൽപ്പെട്ട 6.07 ആർ പുരയിടം അപേക്ഷകയുടെയും ഭർത്താവ് രാധാകൃഷ്ണൻ നായരുടെയും പേരിൽ അവകാശം ലഭിക്കുകയും 13422 നമ്പർ തണ്ടപ്പേർ പ്രകാരം സർവ്വേ നമ്പർ 268/1-169-6 ആയി കരം ഒടുക്കി കൈവശം വച്ച് വരുന്നതുമാണ്. പ്രസ്തുത വസ്തു ഉൾപ്പെടുന്ന സർവേ നമ്പറിന് 2010-ലെ ഫെയർ വാല്യൂ രജിസ്റ്ററിൽ "Government Property" എന്ന ക്ലാസ്സിഫിക്കേഷനിൽ ഉൾപ്പെടുത്തി ₹19,760 ന്യായവില നിർണ്ണയിച്ചിട്ടുള്ള അപാകത പരിഹരിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം സർവ്വേ നമ്പർ 268/1-ൽപ്പെട്ട 229.62 ഏക്കർ സ്ഥലം സർക്കാർ തരിശായിട്ടുള്ളതും എന്നാൽ ബി.ടി.ആർ പ്രകാരം സർവ്വേ നമ്പർ 268/1-169-ൽപ്പെട്ട 32.37 ആർ സ്ഥലം വ്യക്തികളുടെ പേരിൽ വന്നിട്ടുള്ളതുമാണ്. മുന്നാധാരങ്ങളും രേഖകളും പരിശോധിച്ചതിൽ, അപേക്ഷകയുടെ 6.07 ആർ വസ്തു ബി.ടി.ആർ കക്ഷിയിൽ നിന്നും നിയമാനുസൃതമായ ആധാരങ്ങൾ പ്രകാരം കൈമാറി നിലവിലെ തണ്ടപ്പേർ കക്ഷികൾക്ക് ലഭിച്ചിട്ടുള്ളതും, പോക്ക് വരവ് പ്രകാരം സബ് ഡിവിഷൻ വന്നിട്ടുള്ളതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അപേക്ഷ വസ്തുവിന് സമീപമായി, ഒരേ റോഡ് പ്രാധാന്യത്തിൽ സ്ഥിതി ചെയ്യുന്ന സർവേ നമ്പർ 268/1/168A-ൽപ്പെട്ട വസ്തുവിന് 2010-ലെ ഫെയർ വാല്യൂ രജിസ്റ്ററിൽ 'Residential Plot with Cor./Mun./ Panchayath Road Access' എന്ന ക്ലാസ്സിഫിക്കേഷനിൽ ഉൾപ്പെടുത്തി ഒരു ആറിന് ₹ 19,760 ന്യായവില നിർണ്ണയിച്ചിട്ടുണ്ട്. ടി സ്ഥലം അടിസ്ഥാന വസ്തുവായി പരിഗണിച്ച് അപേക്ഷ സ്ഥലത്തിന്റെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും നിശ്ചയിക്കാമെന്ന് ബന്ധപ്പെട്ട തഹസീൽദാരും വില്ലേജ് ഓഫീസറും ശുപാർശ ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ഈ ഓഫീസിൽ ലഭ്യമായ രേഖകളും പരാമർശം (2), (3) പ്രകാരമുള്ള റിപ്പോർട്ടുകളും പരാമർശം (4) മുതൽ (11) വരെയുള്ള നിയമങ്ങളും ഉത്തരവുകളും പരിഗണിച്ച്, പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസർ എന്ന നിലയിലുള്ള അധികാരം വിനിയോഗിച്ച് താഴെ പറയുന്ന പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

പത്തനാപുരം താലൂക്ക്, വിളക്കുടി വില്ലേജിൽ, സർവ്വേ നമ്പർ 268/1-169-6-ൽപ്പെട്ട 6.07 ആർ സ്ഥലത്തിന് 6-3-2010-ൽ വിജ്ഞാപനം ചെയ്യപ്പെട്ട ഫെയർ വാല്യൂ രജിസ്റ്ററിൽ നിലവിലുണ്ടായിരുന്ന 'Government Property' എന്ന ക്ലാസിഫിക്കേഷൻ ഒഴിവാക്കി "Residential Plot with Panchayath Road Access" എന്ന ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുത്തി ₹19,760 (പത്തൊൻപതിനായിരത്തി എഴുനൂറ്റി അറുപത് രൂപ മാത്രം) ന്യായവില പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

ന്യായവില പട്ടിക

അപേക്ഷകന്റെ പേരും വിലാസവും	താലൂക്ക്	വില്ലേജ്	സർവ്വേ നമ്പരും വിസ്തീർണ്ണവും	6-3-2010-ലെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും	പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസ്സിഫിക്കേഷൻ	പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില (ഒരു ആർ-ന്)
ശ്രീമതി വത്സല കുമാരി, ശ്രീകൃഷ്ണ വിലാസം, (ദൈവ ഭവൻ), മഞ്ഞമൺകാല, പുനലൂർ പി. ഒ.	പത്തനാപുരം	വിളക്കുടി	268/1-169-6 (6.07 ആർ)	₹ 19,760 Government Property	Residential Plot with Panchayath Road Access	₹ 19,760

പുനർ നിർണ്ണയിച്ച ന്യായവില പരാമർശം (6) മുതൽ (11) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

പത്തനാപുരം താലൂക്ക്, വിളക്കുടി വില്ലേജിൽ, സർവ്വേ നമ്പർ 268/1-169-6-ൽപ്പെട്ട സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും കൈവശവും തെളിയിക്കുന്നതിനുള്ള രേഖയല്ല ഈ ഉത്തരവ്. പ്രസ്തുത സ്ഥലത്തിന്റെ വാണിജ്യ/കാർഷിക പ്രാധാന്യം കണക്കിലെടുത്ത് ന്യായവില നിർണ്ണയിക്കുന്നതിനായി മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ നടപടിക്രമം.

റവന്യൂ ഡിവിഷണൽ ഓഫീസ്,
പുനലൂർ.

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേല പരസ്യം

നമ്പർ RDOPLR/2081/2025-D. 2025 സെപ്റ്റംബർ 25.

കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര വില്ലേജിൽ റീ സർവ്വെ ബ്ലോക്ക് നമ്പർ 22-ൽ സർവ്വെ 12/10-ൽപ്പെട്ട 08.10 ആർ ഭൂമിയിൽ നിന്നിരുന്ന മുള്ള് വേങ്ങ, ഉറക്കം തൂങ്ങി, വട്ട എന്നീ മരങ്ങൾ 2025-ാം ആണ്ട് ഒക്ടോബർ മാസം 29-ാം തീയതി രാവിലെ 11 മണിക്ക് കൊട്ടാരക്കര വില്ലേജ് ആഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതായിരിക്കും.

ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സ്ഥലത്തും സമയത്തും എത്തിച്ചേർന്ന് ആവശ്യമായ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ലേലത്തിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതായിരിക്കും. ലേലം വിളി കേൾക്കുന്നയാൾ അപ്പോൾ തന്നെ ലേല തുകയും നിയമാനുസൃത വിൽപ്പനനികുതിയും ലേല ഉദ്യോഗസ്ഥനെ ഏൽപ്പിച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ടിയാൻ സ്വന്തം ചില വിൽ ടി മരം നീക്കം ചെയ്യേണ്ടതാണ്. ലേലം അംഗീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ബഹു. കൊല്ലം ജില്ലാ കളക്ടർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും. സാധാരണ സർക്കാർ ലേലങ്ങൾക്കുള്ള എല്ലാ നിബന്ധനകളും ടി ലേലത്തിനും ബാധകമായിരിക്കും.

റവന്യൂ ഡിവിഷണൽ ആഫീസ്, (ഒപ്പ്)
പുനലൂർ. റവന്യൂ ഡിവിഷണൽ ആഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട ജില്ലാകളക്ടറുടെ നടപടിക്രമം

(ഹാജർ : പ്രേം കൃഷ്ണൻ എസ്. ഐ എ എസ്)

നമ്പർ :DCPTA/2771/2025-C11 തീയതി: 07-10-2025

വിഷയം : ഭൂമിയുടെ ന്യായവില പുനർനിർണ്ണയം – പത്തനംതിട്ട ജില്ല യിൽ, കോഴഞ്ചേരി താലൂക്കിൽ, ആറന്മുള വില്ലേജിൽ, ബ്ലോക്ക് നമ്പർ 2 ൽ റീ സർവ്വെ 112/9-2-1 ൽ പ്പെട്ട ഭൂമിയുടെ ന്യായ വില പുനർനിർണയിച്ച് ഉത്തരവാകുന്നത് – സംബന്ധിച്ച്

സൂചന :1. ആലപ്പുഴ ജില്ലയിൽ, ചേർത്തല താലൂക്കിൽ, ചേർത്തല വടക്ക് വില്ലേജിൽ, അറയ്ക്കപ്പറമ്പിൽ ശ്രീ. ടോണി മാത്യു, പത്തനംതിട്ട ജില്ലയിൽ, ആറന്മുള വില്ലേജിൽ, നെടിയവിളയിൽ ശ്രീ. ജോസ് തോമസ് എന്നിവർ സമർപ്പിച്ച അപേക്ഷ

2. അടൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 25.05.2025 ലെ RDOADR/ 892/2025-C5 നമ്പർ റിപ്പോർട്ട്

പത്തനംതിട്ട ജില്ലയിൽ, കോഴഞ്ചേരി താലൂക്കിൽ, ആറന്മുള വില്ലേജിൽ, ബ്ലോക്ക് നമ്പർ 2 ൽ റീ സർവ്വെ 112/9-2-1 ൽ പ്പെട്ട ഭൂമിയുടെ ന്യായ വില പുനർ നിർണയിക്കുന്നതിനായി ആലപ്പുഴ ജില്ലയിൽ, ചേർത്തല താലൂക്കിൽ, ചേർത്തല വടക്ക് വില്ലേജിൽ, അറയ്ക്കപ്പറമ്പിൽ ശ്രീ. ടോണി മാത്യു പത്തനംതിട്ട ജില്ലയിൽ, ആറന്മുള വില്ലേജിൽ, നെടിയവിളയിൽ ശ്രീ. ജോസ് തോമസ് എന്നിവർ സമർപ്പിച്ച അപേക്ഷയിൽ അന്വേഷണം നടത്തി അടൂർ റവന്യൂ ഡിവിഷണൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

ആറന്മുള വില്ലേജിൽ ബ്ലോക്ക് നം. 2 റീ സർവ്വെ നം. 112/9-2-1 ൽപ്പെട്ട 22.25 ആർ പുരയിടം അപേക്ഷകരുടെ കൈവശത്തിലും കരം തിരുവയിലും ഉള്ളതാണ്. ടി സ്ഥലത്തിന് 2010 ലെ ന്യായ വിലയായി ആർ ഒന്നിന് 50,000/- രൂപ നിശ്ചയി ച്ചിട്ടുള്ളതാണ്. ടി സ്ഥലം ആറന്മുള വില്ലേജിൽ, ചെങ്ങന്നൂർ കോഴഞ്ചേരി റോഡിൽ മാലക്കര ആൽത്തറ ജംഗ്ഷനിൽ നിന്നും കോട്ടയം ഭാഗത്തേക്ക് പോകുന്ന റോഡിൽ ഉദ്ദേശം 50 മീറ്റർ കിഴക്ക് കൊല്ലിരേത്ത് പടി ചെല്ലുന്ന റോഡിൽ സുമാർ 750 മീറ്റർ മാറി കനാൽ റോഡിൽ കൂടി 100 മീറ്റർ പടിഞ്ഞാറു മാറി കനാലിന്റെ തെക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു.

അപേക്ഷ സ്ഥലത്തെ പാറ ഖനനം ചെയ്ത് വളരെ ആഴമുള്ള പാറക്കുളമായി മാറിയിട്ടുള്ളതും നിലവിൽ വെള്ളം നിറഞ്ഞ് കിടക്കുന്നതുമാണെന്നും, ടി സ്ഥലം കൃഷി ക്കോ കെട്ടിട നിർമ്മാണത്തിനോ മറ്റ് സാധാരണ ആവശ്യങ്ങൾക്കോ ഉപയോഗി ക്കാൻ കഴിയുന്നതല്ലെന്നും തഹസിൽദാരുടെ റിപ്പോർട്ട് പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

അപേക്ഷാ സ്ഥലത്തിന് ആർ ഒന്നിന് 40,000/- രൂപ കമ്പോളവില യുള്ളതാണെന്നും, ആറന്മുള വില്ലേജിൽ ബ്ലോക്ക് നം 2, റീ സർവ്വെ നം. 112/9-2-1 ൽ പ്പെട്ട സ്ഥലത്തിന് 2010 ലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ന്യായവിലയായി ആർ ഒന്നിന് 15,000/- രൂപ നിശ്ച യിച്ച് "Water logged area" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നും അടൂർ റവന്യൂ ഡിവിഷണൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ കേരളാ മുദ്രപത്ര നിയമം 1959 ന്റെ വകുപ്പ് 28 A പ്രകാരം, ചുവടെ ചേർത്തിട്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

പത്തനംതിട്ട ജില്ലയിൽ, **കോഴഞ്ചേരി** താലൂക്കിൽ, **ആറന്മുള** വില്ലേജിൽ, ബ്ലോക്ക് **2**, റീസർവ്വെ **112/9-2-1** ൽ പ്പെട്ട സ്ഥലം **Water logged area** എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് **15,000/- (പതിനയ്യായിരം രൂപ മാത്രം)** രൂപയായി ന്യായ വില പുനർനിർണ്ണയിച്ച് ഉത്തരവാകുന്നു.

സർക്കാർ ഉത്തരവ്(പി) നമ്പർ 188/2014/റ്റിഡി. തീയതി 14/11/2014 പ്രകാരം 2010 ലെ ന്യായവിലയുടെ 50% വർദ്ധനവും, 31/03/2018-ലെ ജി.ഒ.(പി)43/2018/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10 % വർദ്ധനവും, 30/04/2019 ലെ ജി.ഒ.(പി) 70/2019/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും, 31/03/2020-ലെ ജി.ഒ.(പി) 47/2020/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും, 30/03/2022 ലെ ജി.ഒ.(പി) 29/2022/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും, 25/03/2023 ലെ ജി.ഒ.(പി) 45/2023/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 20% വർദ്ധനവും കൂടി പുനർനിർണ്ണയിച്ച ന്യായ വിലയോടു കൂടി കണക്കാക്കുന്നതാണ്. പ്രസ്തുത 20% നടപ്പാക്കുന്നതിലൂടെ **ഫലത്തിൽ ഭൂമിയുടെ ന്യായവില 2010 ൽ നിശ്ചയിച്ചതിന്റെ 264 ശതമാനമായി മാറുന്നതാണ്.**

(ഒപ്പ്)
ജില്ലാകളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM C
NOTIFICATION

DCPTA/2771/2025-C-11		DATE:07.10.2025	

Whereas it is expedient to publish a notification showing revised fair value of land as required under Section 28 A of the Kerala Stamp Act 1959 read with sub rule 4 of the Kerala Stamp (Fixation of Fair Value of land) Rules 1995, the fair value of land in ReSurvey No 112/9-2-1 Block No 2, Aranmula Village, KozhencheryTaluk of the Pathanamthitta District is hereby fixed finally as shown in scheduled hereto:

SCHEDULE

Name of District	Name of Taluk	Name of Village	Survey No.	Resurvey Block.	Resurvey No	Sub Division No.	Panchayat/ Muncipality	ward No.	Classification of use	Fair value already fixed	Revised fair Value Per Are
Pathanamthitta	Kozhenchery	Aranmula		2	112	9-2-1	Panchayat		Water logged area	50,000/-	15,000/-

Sd/-

DISTRICT COLLECTOR

Pathanamthitta

NB: The resultant fair value of land will be 264% of that fixed in the year 2010

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

PATHANAMTHITTA DISTRICT

അടൂർ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ: BIPIN KUMAR, M.)

നമ്പർ RDOADR /4534/2024-സി5. 2025 സെപ്റ്റംബർ 28.

വിഷയം:—കേരള മുദ്രപത്ര നിയമം 1959-സെക്ഷൻ 28 എ—ഭൂമിയുടെ ന്യായവില നിർണ്ണയിച്ചുള്ള ഉത്തരവ് നിർണ്ണയിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1)കേരള സ്റ്റാമ്പ് ആക്റ്റ്, 1959-സെക്ഷൻ 28 (എ) (Fixation of fair value of land) ചട്ടം 3(7)-ചട്ടം 4.

(2) ലാന്റ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ LR.A3-54674-2000 നമ്പർ സർക്കുലർ.

(3) ശ്രീ. വി. എസ്. മാത്യു വടക്കേയറ്റം പുരയിടത്തിൽ പരിയാരം മുറി, ഇലന്തൂർ സമർപ്പിച്ച അപേക്ഷ.

(4) തഹശീൽദാർ കോഴഞ്ചേരിയുടെ 4-4-2025, 2-8-2025 തീയതികളിയിലെ TKKZHY619/2025/സി9 റിപ്പോർട്ട്.

2010 മാർച്ച് മാസം 6-ാം തീയതിയിലെ അസാധാരണ ഗസറ്റ് വിജ്ഞാപനപ്രകാരം നിലവിൽ വന്ന ന്യായവില രജിസ്റ്ററിൽ ഉൾപ്പെടാതെ വന്ന താഴെ പറയുന്ന സർവ്വെ നമ്പരിൽപ്പെട്ട വസ്തുവിന് സൂചന (4) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളാ മുദ്രപത്ര നിയമം സെക്ഷൻ 28 എ പ്രകാരം ന്യായവില നിർണ്ണയിച്ച് ഉത്തരവാകുന്നു.

ജില്ല	താലൂക്ക്	വില്ലേജ്	തദ്ദേശ സ്വയംഭരണ സ്ഥാപനം	ബ്ലോക്ക് നമ്പർ	സർവ്വെ നമ്പർ	ക്ലാസ്സിഫിക്കേഷൻ	ന്യായവില 2010 ₹
പത്തനംതിട്ട	കോഴഞ്ചേരി	ഇലന്തൂർ	പഞ്ചായത്ത്	11	163/19	Garden land with private road access	15,500
പത്തനംതിട്ട	കോഴഞ്ചേരി	ഇലന്തൂർ	പഞ്ചായത്ത്	11	163/8	Garden land without road access	15,500

സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി ഡി. തീയതി 14-11-2014 പ്രകാരം 2010-ലെ ന്യായവിലയുടെ 50% വർദ്ധനവും 31-3-2018-ലെ G.O.(P) 43/2018/റ്റി ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും 30-4-2019-ലെ ജി. ഒ. (പി) 70/2019/റ്റി. ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും 31-3-2020-ലെ G.O.(P) 47/2020/റ്റി ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും 30-3-2022 ജി. ഒ. (പി.) 29/2022-ലെ റ്റി ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും 25-3-2023-ലെ ജി. ഒ. (പി.) 45/2023/റ്റി.ഡി ഉത്തരവ് പ്രകാരം 20% വർദ്ധനവും കൂടി പുനർ നിർണ്ണയിച്ച് ന്യായവിലയുടെ മേൽ കണക്കാക്കുന്നതാണ്. പ്രസ്തുത 20% നടപ്പാക്കുന്നതിലൂടെ ഫലത്തിൽ ഭൂമിയുടെ ന്യായവില മേൽ നിശ്ചയിച്ച 2010-ലെ ന്യായവിലയുടെ 264 ശതമാനമായി മാറുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'A'
(*See* rule 4)

NOTIFICATION

No. RDOADR-4534/2024/C5. *1st October 2025.*

Whereas, it is expedient to publish the Fair Value of land as required under Section 28(A) of the Kerala Stamp Act, 1959 read with sub-Rule (7) of Rule 3 and Rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995;

Now, Therefore, it is hereby made known to the public that the final Fair Value fixed for the land mentioned against each Serial number in respect of the land situated in the Survey/Re-Survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

District—Pathanamthitta.

Taluk—Kozhencherry. *Village*—Elanthoor.

Sl. No.	*Sy. No.*	*Sub Division No.*	*Re-Sy. Block*	*Re-Sy. No.*	*Re-Sy. Sub Division No.*	*Panchayath/ Municipality/ Corporation*	*Name of Local Body Panchayath/ Municipality/ Corporation*	*Name & Number of Ward*	*Classification by use*	*Fair Value Per Ares* ₹
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
1			11	163	8	Panchayath	Elanthoor		Garden land without road access	15,500
2			11	163	19	Panchayath	Elanthoor		Garden land with private road access	15,500

The resultant fair value will be 264% of that value mentioned above.

Revenue Divisional Office,
Adoor.

(Sd.)
Revenue Divisional Officer.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ERNAKULAM DISTRICT

മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ : അനി, പി. എൻ.)

നമ്പർ RDOMVP/1261/2025-A8. 2025 സെപ്റ്റംബർ 24.

വിഷയം :—ന്യായവില നിർണ്ണയം—ശ്രീ. സാബു s/o പത്രോസ്, മേപ്രത്തുമാലി വീട് എന്നയാൾ സമർപ്പിച്ച അപേക്ഷ—ന്യായവില നിർണ്ണയിച്ച് ഉത്തരവാകുന്നു.

സൂചന:—(1) കുന്നത്തുനാട് (ഭൂരേഖ) തഹശീൽദാരുടെ 13-6-2025-ലെ TLKKND/1815/2025-J2 നമ്പർ റിപ്പോർട്ട്.

(2) ലാന്റ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ എൽ.ആർ.എ3-54674/18 നമ്പർ പരിപത്രം.

കുന്നത്തുനാട് താലൂക്ക്, വെങ്ങോല വില്ലേജ്, ബ്ലോക്ക് 21, സർവ്വെ നമ്പർ 211/9-ൽപ്പെട്ട വസ്തുവിന്റെ ന്യായവില പുനർ നിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടാണ് ശ്രീ. സാബു s/o പത്രോസ്, മേപ്രത്തുമാലി എന്നയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

സർവ്വെ നമ്പർ 211/9-ൽപ്പെട്ട അപേക്ഷാ വസ്തു ന്യായവില രജിസ്റ്ററിൽ 'Garden Land without Road Access' എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 60,000 ന്യായവില നിശ്ചയിച്ചിട്ടുള്ളതാണ്.

അപേക്ഷാ വസ്തു ഒരു വലിയ പാടശേഖരത്തിന് നടുവിലാണ് സ്ഥിതി ചെയ്യുന്നതെന്നും ടി സ്ഥലത്തേയ്ക്ക് എത്തിച്ചേരാൻ വരമ്പുകൾ മാത്രമാണ് ഉള്ളതെന്നും, ടി വസ്തു വർഷങ്ങളായി കൃഷി ചെയ്യാതെ നിലമായി തന്നെ കിടക്കുന്നതാണെന്നും, ആയതിനാൽ ടി സ്ഥലം 'Wet Land' എന്ന ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുത്തി ₹ 25,000 ന്യായവില പുനർനിർണ്ണയിക്കാവുന്നതാണെന്നും തഹസിൽദാർ കുന്നത്തുനാട് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

അപേക്ഷാ വസ്തുവിന് സമാന സ്വഭാവം പുലർത്തുന്ന ബ്ലോക്ക് 21-ലെ സർവ്വെ 212/13-ൽപ്പെട്ട ഭൂമി അപേക്ഷാ വസ്തുവിനോട് ചേർന്ന് കിടക്കുന്നതും സമാന സ്വഭാവം ഉള്ളതുമാണ്. ബി.ടി.ആർ പ്രകാരം രണ്ട് സ്ഥലങ്ങളും നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, ഫെയർവാല്യൂ രജിസ്റ്ററിൽ 'Wet Land' എന്ന ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 25,000 ന്യായവില നിശ്ചയിച്ചിട്ടുള്ളതുമാണ്.

ന്യായവില നിർണ്ണയത്തിലെ അപാകതകൾ 1959-ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) ചട്ടം 3 എന്നിവ പ്രകാരം ന്യായവില നിർണ്ണയിച്ചു ചട്ടം 4 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (2) പ്രകാരമുള്ള പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ 2010-ലെ ന്യായവില വിജ്ഞാപനം ചെയ്തപ്പോൾ ക്ലാസിഫിക്കേഷനിൽ വന്ന പിശകുകളും അതുമൂലമുണ്ടായ വില നിർണ്ണയവുമായി പരിഗണിച്ച് കുന്നത്തുനാട് താലൂക്ക്, വെങ്ങോല വില്ലേജ്, സർവ്വെ നമ്പർ 211/9-ൽപ്പെട്ട വസ്തു 'Wet Land' എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 25,000 ന്യായവില നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി ന്യായവില ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതാണ്. സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/Taxes തീയതി 14-11-2014 പ്രകാരം 2010-ൽ നിശ്ചയിച്ച ന്യായവിലയാണ് ഈ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ആയതിന് ശേഷം സർക്കാർ വരുത്തിയിട്ടുള്ള എല്ലാ വർദ്ധനവുകളും ഇതോടൊപ്പം ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'A'

[*See* Rule 4]

NOTIFICATION

No. RDOMVP/1261/2025-A8/KDis. *24th September 2025.*

Whereas, it is expedient to publish the Fair Value of land as required under Section 28(A) of Kerala Stamp Act 1959 read with Rule (4) of Kerala Stamp (Fixation of Fair Value of Land), Rules, 1995.

Now, Therefore, it is hereby made known to the public that the Fair Value fixed for the land mentioned against each Serial number in respect of the land situated in the Survey/Re-Survey numbers of the Village and Taluk mentioned against each, shall be as shown against in the column (11) thereof.

SCHEDULE

District—Ernakulam. *Taluk*—Kunnathunadu.

Village—Vengola. *Desom*—Vengola.

Sl. No.	*Sy. No.*	*Sub Division No.*	*Re-Sy. Block*	*Re-Sy. No.*	*Re-Sy. Sub Division No.*	*Panchayath/ Municipality/ Corporation*	*Name of Local Body Panchayath/ Municipality/ Corporation*	*Name & Number of Ward*	*Classification by use*	*Fair Value Per Are* ₹
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
1			21	211	9	Panchayath	Vengola	Ward 7	Wetland	25,000

Revenue Divisional Office,
Muvattupuzha.

(Sd.)
Revenue Divisional Officer.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ- RDOTSR/7682/2024-B1

നോട്ടീസ്

ചാവക്കാട് താലൂക്ക് ബ്രഹ്മകുളം വില്ലേജ് സർവ്വെ 229/3 ൽ പെട്ട 0.0404 ഹെക്ടർ നി. കെ ഭൂമി പട്ടയഭൂമിയാക്കി മാറ്റി രജിസ്റ്റർ ചെയ്യുന്നതിന് അനുമതിക്കായി മാണിക്കത്ത് വേലുക്കുട്ടി മകൻ വിജയൻ എന്നവർ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി ടിയാന്റെ പേരിൽ MLR ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തിയ തിയതി മുതൽ 60 ദിവസത്തിനകം മതിയായ തെളിവുകൾ സഹിതം തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
തൃശ്ശൂർ - 680 003
തിയ്യതി -9/10/2025

ഒപ്പ്/-
സബ് കളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ- RDOTSR/1293/2025-B1

നോട്ടീസ്

തൃശ്ശൂർ ജില്ല ചാവക്കാട് താലൂക്ക് ബ്രഹ്മകുളം വില്ലേജ് സർവ്വെ 6/3 ൽ പെട്ട 0.0483 ഹെക്ടർ നി. കെ ഭൂമി പട്ടയഭൂമിയാക്കി മാറ്റി രജിസ്റ്റർ ചെയ്യുന്നതിന് അനുമതിക്കായി വടക്കത്ത് വീട്ടിൽ രഞ്ജിനി എം മുതൽ പേർ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി ടിയാന്റെ പേരിൽ MLR ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യ കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തിയ തിയതി മുതൽ 60 ദിവസത്തിനകം മതിയായ തെളിവുകൾ സഹിതം തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
തൃശ്ശൂർ - 680 003
തിയ്യതി -7/10/2025

ഒപ്പ്/-
സബ് കളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

DCTSR/2783/2025-B5 തിയ്യതി 10/10/2010

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് 16/10/2024 തിയ്യതിയിലെ സ.ഉ. (അച്ചടി) നം.54/2024/LSGD ഉത്തരവ് പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് താഴെ പറയുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 279--ാം വകുപ്പ് 1 -ാം ഉപവകുപ്പ് പ്രകാരം തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ കന്നുകാലി മേച്ചിൽ സ്ഥലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയെ പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു.

ജില്ല	തൃശ്ശൂർ
താലൂക്ക്	ചാലക്കുടി
വില്ലേജ്	കല്ലൂർ തെക്കുമുറി
ഗ്രാമപഞ്ചായത്ത്	അന്നമനട
റീസർവ്വെ നമ്പർ	1370/5
വിസ്തീർണ്ണം	0.0364 ഹെക്ടർ
അതിരുകൾ	
വടക്ക്	കാക്കുന്നിപറമ്പിൽ പാപ്പു ശങ്കരൻകുട്ടി
കിഴക്ക്	തളിയപ്പറമ്പിൽ വേളായുധൻ
തെക്ക്	പഞ്ചായത്ത് റോഡ്
പടിഞ്ഞാറ്	എരയാസ് കൂട്ടം താര അയ്യപ്പൻ

കളക്ടറേറ്റ് , തൃശ്ശൂർ ഒപ്പ്/-

ജില്ലാ കളക്ടർ, തൃശ്ശൂർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ –DCTSR/6423/2021-B5 തിയ്യതി - 10/10/2025

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് 16/10/2024 തിയ്യതിയിലെ സ.ഉ. (അച്ചടി) നം.54/2024/LSGD ഉത്തരവ് പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് താഴെ പറയുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 279-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ വേളൂക്കര ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ കന്നുകാലി മേച്ചിൽ സ്ഥലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമി പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു.

ജില്ല	തൃശ്ശൂർ		
താലൂക്ക്	മുകുന്ദപുരം		
ഗ്രാമപഞ്ചായത്ത്	**വില്ലേജ്**	**സർവ്വെ നമ്പർ**	**വിസ്തീർണ്ണം (ഹെക്ടർ)**
വേളൂക്കര	കടുപ്പശ്ശേരി	311/5	0.0413

കളക്ടറേറ്റ് തൃശ്ശൂർ

ഒപ്പ്/-
ജില്ലാ കളക്ടർ, തൃശ്ശൂർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ – DCTSR/9070/2025-B5 തിയ്യതി -10/10/2025

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് 16/10/2024 തിയ്യതിയിലെ സ.ഉ.(അച്ചടി) നം.54/2024/LSGD ഉത്തരവ് പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് താഴെ പറയുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 279-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം തൃശ്ശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ കന്നുകാലി മേച്ചിൽ പുറമ്പോക്ക് എന്നിങ്ങനെ രേഖപ്പെടുത്തിയതുമായ ഭൂമികളെ പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു.

ജില്ല	തൃശ്ശൂർ		
താലൂക്ക്	കുന്നംകുളം		
ഗ്രാമപഞ്ചായത്ത്	**വില്ലേജ്**	**സർവ്വെ നമ്പർ**	**വിസ്തീർണ്ണം (ഹെക്ടർ)**
കടവല്ലൂർ	പെരുമ്പിലാവ്	238	0.0324 0.0607 0.0197 0.0258 0.0421 0.0226 0.0341 0.0306

കളക്ടറേറ്റ് തൃശ്ശൂർ

ഒപ്പ്/-
ജില്ലാ കളക്ടർ, തൃശ്ശൂർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ- RDOTSR/431/2025-B1

നോട്ടീസ്

ചാവക്കാട് താലൂക്ക് ഗുരുവായൂർ വില്ലേജ് സർവ്വെ 24/5 ൽ പെട്ട 0.0081 ഹെക്ടർ നി. കെ ഭൂമി പട്ടയഭൂമിയാക്കി മാറ്റി രജിസ്റ്റർ ചെയ്യുന്നതിന് അനുമതിക്കായി പയ്യപ്പാട്ട് സന്തോഷ് കുമാർ മുതൽ പേർ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി ടിയാന്റെ പേരിൽ MLR ആക്ട്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യ കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തിയ തിയതി മുതൽ 60 ദിവസത്തിനകം മതിയായ തെളിവുകൾ സഹിതം തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
തൃശ്ശൂർ - 680 003
തിയ്യതി -9/10/2025

ഒപ്പ്/-
സബ് കളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ- RDOTSR/1066/2025-B1

നോട്ടീസ്

തൃശ്ശൂർ ജില്ല, ചാവക്കാട് താലൂക്ക്, ബ്രഹ്മകുളം വില്ലേജ് സർവ്വെ 55/11 ൽ പെട്ട 0.0445 ഹെക്ടർ നി. കെ ഭൂമി പട്ടയഭൂമിയാക്കി മാറ്റി രജിസ്റ്റർ ചെയ്യുന്നതിന് അനുമതിക്കായി ചിറ്റിലപ്പിള്ളി ജോഷി ഭാര്യ റീന എന്നവർ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി ടിയാന്റെ പേരിൽ MLR ആക്ട്ട് പ്രകാരം രജിസ്റ്റർ ചെയ്യ കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തിയ തിയതി മുതൽ 60 ദിവസത്തിനകം മതിയായ തെളിവുകൾ സഹിതം തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
തൃശ്ശൂർ - 680 003 ഒപ്പ്/-
തിയ്യതി -7.10.2025 സബ് കളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

RDOTIR/2049/2025-J1 *2025.10.05*

വിജ്ഞാപനം

തിരൂരങ്ങാടി താലൂക്ക് നന്നമ്പ്ര വില്ലേജ് നന്നമ്പ്ര അംശം ദേശം സർവ്വെ നമ്പർ 326/2 ൽ ഉൾപ്പെട്ട 6.47 ആർസ് സ്വകാര്യ നി.കെ ഭൂമി എം.എൽ.ആർ ആക്ട് പ്രകാരം പട്ടയ ഭൂമിയായി രജിസ്റ്റർ ചെയ്ത് നികുതി സ്വീകരിക്കുന്നതിന് ശ്രീ.ചിറ്റമ്പലം അബ്ദുൽകാദർ, S/o ഇമ്പിച്ചി മുഹമ്മദ് എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി ഭൂമി അപേക്ഷകന്റെ പേരിൽ എം.എൽ.ആർ ആക്ട് പ്രകാരം പട്ടയഭൂമിയാക്കി മാറ്റി, രേഖകളിൽ മാറ്റം വരുത്തി, നികുതി സ്വീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപങ്ങൾ ഉള്ളപക്ഷം ഈ നോട്ടീസ് പരസ്യപ്പെടുത്തി 30 ദിവസത്തിനകം താഴെ ഒപ്പുവെച്ച തിരൂർ സബ് കളക്ടർ മുമ്പാകെ രേഖാമൂലം മതിയായ തെളിവുകൾ സഹിതം എഴുതി ബോധിപ്പിക്കേണ്ടതാണ്.

നിശ്ചിത ദിവസം കഴിഞ്ഞ് ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല. നിശ്ചിത ദിവസത്തിനകം ആക്ഷേപങ്ങൾ ഒന്നും ലഭിച്ചില്ല എങ്കിൽ ആർക്കു പരാതി ഇല്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സബ്കളക്ടറുടെ കാര്യാലയം ഒപ്പ്/-
തിരൂർ സബ്കളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

RDOTIR/1375/2024-J1 *2025.10.07*

വിജ്ഞാപനം

പൊന്നാനി താലൂക്ക് നന്നംമുക്ക് വില്ലേജ് നന്നംമുക്ക് അംശം കല്ലൂർമ്മ ദേശം സർവ്വെ നമ്പർ 165/5 ൽ ഉൾപ്പെട്ട 2.83 ആർസ് സ്വകാര്യ നി.കെ ഭൂമി എം.എൽ.ആർ ആക്ട് പ്രകാരം പട്ടയ ഭൂമിയായി രജിസ്റ്റർ ചെയ്ത് നികുതി സ്വീകരിക്കുന്നതിന് ശ്രീമതി.കരിപ്പോട്ടിൽ രാജി, S/o ഹരിദാസൻ എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി ഭൂമി അപേക്ഷകയുടെ പേരിൽ എം.എൽ.ആർ ആക്ട് പ്രകാരം പട്ടയഭൂമിയാക്കി മാറ്റി, രേഖകളിൽ മാറ്റം വരുത്തി, നികുതി സ്വീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപങ്ങൾ ഉള്ളപക്ഷം ഈ നോട്ടീസ് പരസ്യപ്പെടുത്തി 30 ദിവസത്തിനകം താഴെ ഒപ്പുവെച്ച തിരൂർ സബ് കളക്ടർ മുമ്പാകെ രേഖാമൂലം മതിയായ തെളിവുകൾ സഹിതം എഴുതി ബോധിപ്പിക്കേണ്ടതാണ്.

നിശ്ചിത ദിവസം കഴിഞ്ഞ് ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല. നിശ്ചിത ദിവസത്തിനകം ആക്ഷേപങ്ങൾ ഒന്നും ലഭിച്ചില്ല എങ്കിൽ ആർക്കു പരാതി ഇല്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സബ്കളക്ടറുടെ കാര്യാലയം ഒപ്പ്/-
തിരൂർ സബ്കളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NOTIFICATION

UNDER SECTION 13 OF THE KERALA SURVEY AND BOUNDARIES ACT, 1961

NO. TOTLY/1303/2023-D1 DATE: 26.09.2025

1. It is hereby notified Under Section 13 of the Survey and Boundaries Act (Act 37 of 1961) that the survey of the undermentioned areas are now completed.

2. Unless the survey hereby notified is modified by decree of a civil court under the provisions of Section 14 of the said Act, the records of the survey shall be conclusive proof that the boundaries determined and recorded here in have been correctly determined and recorded.

PARTICULARS OF THE AREA

District: Kannur Amsom : Panoor

Taluk: Thalassery Desam Panoor

Survey number completed 33/2C, 33/6

Taluk Office (Sd/-)

Thalassery Tahsildar

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

DCKSGD/821/2025-C3
(എൽ എ 71/2017/തെക്കിൽ/എൽ3) 13 ഒക്ടോബർ 2025

കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279ാം വകുപ്പ് 2ാം ഉപ വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് 16/10/2024 തീയ്യതിയിലെ സ.ഉ(അച്ചടി)നം.54/2024/എൽഎസ്ജിഡി, 06/12/2024 തീയ്യതിയിലെ സ.ഉ(അച്ചടി)നം.67/2024/എൽഎസ്ജിഡി ഉത്തരവുകൾ പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് പഞ്ചായത്ത് ആക്ടിന്റെ 279ാം വകുപ്പ് 2ാം ഉപവകുപ്പ് പ്രകാരം കാസറഗോഡ് ജില്ലയിലെ ചെമ്മനാട് പഞ്ചായത്തിൽ നിക്ഷിപ്തമായ റവന്യൂ രേഖകളിൽ കന്നുകാലി മേച്ചിൽപുറം എന്ന് രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന ഭൂമിയെ പ്രസ്തുത ആക്ടിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു.

പട്ടിക

ജില്ല	കാസറഗോഡ്
താലൂക്ക്	കാസറഗോഡ്
വില്ലേജ്	തെക്കിൽ
സർവ്വെ നമ്പർ	102/1C 40
വിസ്തീർണ്ണം	0.0607 ഹെക്ടർ

അതിരുകൾ

വടക്ക്	സർവ്വെ നമ്പർ 103/3 PT
കിഴക്ക്	സർവ്വെ നമ്പർ 102/1C 43
തെക്ക്	സർവ്വെ നമ്പർ 102/1C 12, 102/1C23
പടിഞ്ഞാർ	സർവ്വെ നമ്പർ 102/1C 41

(ഒപ്പ്)
ജില്ലാ കളക്ടർ
കാസറഗോഡ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

DCKSGD/822/2025-C3
(എൽ എ 79/2020/തെക്കിൽ/എൽ3) തീയ്യതി: 16/09/2025

കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279ാം വകുപ്പ് 2ാം ഉപ വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് 16/10/2024 തീയ്യതിയിലെ സ.ഉ(അച്ചടി)നം.54/2024/എൽഎസ്ജിഡി, 06/12/2024 തീയ്യതിയിലെ സ.ഉ(അച്ചടി)നം.67/2024/എൽഎസ്ജിഡി ഉത്തരവുകൾ പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് പഞ്ചായത്ത് ആക്ടിന്റെ 279ാം വകുപ്പ് 2ാം ഉപവകുപ്പ് പ്രകാരം കാസറഗോഡ് ജില്ലയിലെ ചെമ്മനാട് പഞ്ചായത്തിൽ നിക്ഷിപ്തമായ റവന്യൂ രേഖകളിൽ കന്നുകാലി മേച്ചിൽപുറം എന്ന് രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന ഭൂമിയെ പ്രസ്തുത ആക്ടിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു.

പട്ടിക

ജില്ല	കാസറഗോഡ്
താലൂക്ക്	കാസറഗോഡ്
വില്ലേജ്	തെക്കിൽ
സർവ്വെ നമ്പർ	102/1C 51
വിസ്തീർണ്ണം	0.0607 ഹെക്ടർ

അതിരുകൾ

വടക്ക്	സർവ്വെ നമ്പർ 102/1C PT
കിഴക്ക്	സർവ്വെ നമ്പർ 102/1C 52
തെക്ക്	സർവ്വെ നമ്പർ 102/1C 50
പടിഞ്ഞാർ	സർവ്വെ നമ്പർ 102/1C 55

(ഒപ്പ്)
ജില്ലാ കളക്ടർ
കാസറഗോഡ്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.14 03:08:34 +05:30